# പതിമുന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 3570

10.4..2013-ൽ മറുപടിയ്ക്ക്

**<u>ഗുരുവായൂർ നഗരസഭയെ ഒന്നാം ഗ്രേഡ് നഗരസഭയാക്കി ഉയർത്തിയ നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ | | ശ്രീ. മഞ്ഞളാംകുഴി അലി (ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ മന്ത്രി) | |
| (എ) | ഗുരുവായൂർ നഗരസഭയെ ഒന്നാം ഗ്രേഡ് നഗരസഭയാക്കി ഉയർത്തിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട് |
| (ബി) | പ്രസ്തുത ഉത്തരവ് പ്രകാരം ഗുരുവായൂർ നഗരസഭയ്ക്കുണ്ടാകുന്ന സാമ്പത്തിക നേട്ടങ്ങൾ വിശദമാക്കുമോ; | (ബി) | പരിശോധിച്ചിട്ടില്ല |
| (സി) | ഒന്നാം ഗ്രേഡ് നഗരസഭയാക്കി ഉയർത്തിയതുമൂലം കൂടുതൽ തസ്തികകൾ നഗരസഭയ്ക്ക് ലഭ്യമാകുമോ; | (സി) | ഗുരുവായൂർ നഗരസഭാ സെക്രട്ടറിയുടെ ഗ്രേഡ് മാത്രം ഒന്നാം ഗ്രേഡാക്കി ഉയർത്തിക്കൊണ്ടും നിലവിലുള്ള സ്റ്റാഫ് പാറ്റേണിൽ യാതൊരു മാറ്റവും വരുത്താതെയും സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടായിരിക്കില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായാണ് ഗുരുവായൂർ നഗരസഭയെ മൂന്നാം ഗ്രേഡിൽ നിന്ന് ഒന്നാം ഗ്രേഡ് നഗരസഭയാക്കി ഉയർത്തിയിട്ടുള്ളത്. |
| (ഡി) | ഒന്നാം ഗ്രേഡ് നഗരസഭയായതുമൂലം പ്രസ്തുത നഗരസഭയുടെ നികുതി വരുമാനം, പ്ലാൻഫണ്ട് മുതലായവയിൽ വർദ്ധനവ് ഉണ്ടാകുമോ; | (ഡി) & (ഇ) | പരിശോധിച്ചിട്ടില്ല |
| (ഇ) | ഗുരുവായൂർ നഗരസഭയെ ഒന്നാം ഗ്രേഡാക്കി ഉയർത്തിയതുമൂലം പ്രസ്തുത നഗരസഭയ്ക്കുണ്ടാവുന്ന നേട്ടങ്ങൾ വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗുരുവായൂർ നഗരസഭയുടെ ഗ്രേഡ് ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ(സാധാ) നം. 372/2013/തസ്വഭവ തിരുവനന്തപുരം, തീയതി, 11/02/2013.

---

പരാമർശം:- ഗുരുവായൂർ നഗരസഭ ചെയർമാൻ 17.7.2012ൽ സമർപ്പിച്ച നിവേദനം.

**ഉത്തരവ്**

സംസ്ഥാനത്തെ പ്രമുഖ ക്ഷേത്രമായ ഗുരുവായൂർ ഉൾപ്പെടുന്ന ഗുരുവായൂർ നഗരസഭയുടെ ദ്രുതഗതിയിലുള്ള വികസനത്തിന് അടിസ്ഥാനപരമായ സൗകര്യങ്ങളും ധനലഭ്യതയും ആവശ്യമാണെന്നും, അപ്രകാരമുള്ള പുരോഗതി കൈവരിക്കുന്നതിലേക്കായി ഗുരുവായൂരിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് നഗരസഭാ സെക്രട്ടറിയുടെ ഗ്രേഡ് മാത്രം ഒന്നാം ഗ്രേഡാക്കി ഉയർത്തിക്കൊണ്ട് നിലവിലുള്ള സ്റ്റാഫ് പാറ്റേണിൽ യാതൊരു മാറ്റവും വരുത്താതെയും, യാതൊരു സാമ്പത്തിക ബാദ്ധ്യതയും സർക്കാരിന് ഉണ്ടായിരിക്കില്ല എന്ന നിബന്ധനക്ക് വിധേയമായും ടൂറിസ്റ്റ് കേന്ദ്രം കൂടിയായ ഗുരുവായൂർ നഗരസഭയെ 3-ാം ഗ്രേഡിൽ നിന്ന് 1-ാം ഗ്രേഡ് നഗരസഭയാക്കി ഉയർത്താൻ പരാമർശം പ്രകാരം നഗരസഭാ ചെയർമാൻ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഗുരുവായൂർ നഗരസഭയുടെ പ്രത്യേകത പരിഗണിച്ച് നഗരസഭാ സെക്രട്ടറിയുടെ ഗ്രേഡ് മാത്രം ഒന്നാം ഗ്രേഡാക്കി ഉയർത്തിക്കൊണ്ടും, നിലവിലുള്ള സ്റ്റാഫ് പാറ്റേണിൽ യാതൊരു മാറ്റവും വരുത്താതെയും സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടായിരിക്കില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഗുരുവായൂർ നഗരസഭയെ 3-ാം ഗ്രേഡിൽ നിന്നും 1-ാം ഗ്രേഡ് നഗരസഭയാക്കി ഉയർത്തിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

വി.എസ്.സെന്തിൽ,
പ്രിൻസിപ്പൽ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ റീജ്യണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം, കൊച്ചി, കോഴിക്കോട്.
സെക്രട്ടറി, ഗുരുവായൂർ നഗരസഭ.
ചെയർമാൻ, ഗുരുവായൂർ നഗരസഭ.
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ
സ്വയംഭരണവകുപ്പിന്റെ ഔദ്യോഗിക വെബ്സൈ
പ്രസിദ്ധീകരിക്കുന്നതിന്).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ